**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4182** **28-06-2024 - ൽ മറുപടിയ്ക്ക്**

**നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ; കൂടുതൽ പഞ്ചായത്തുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | (എ) | നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താനുള്ള പ്രവർത്തനങ്ങൾക്കായി നവകേരളം കർമ്മപദ്ധതി II ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിൻ നടന്നു വരികയാണ്. സംസ്ഥാനത്തെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യഘട്ട പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുള്ളത്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കാമ്പയിന്റെ ഭാഗമായി നടന്നു വരുന്നത്.<br><br>എനർജി മാനേജെന്റ് സെന്റർ, വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്, അനെർട്ട്, സി.ഡബ്ല്യൂ.ആർ.ഡി.എം., കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് തുടങ്ങിയവയുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് ഇത്തരം ഏജൻസികളുടെ സംയോജനം ഉറപ്പുവരുത്തി കൊണ്ടാണ് കാമ്പയിൻ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജനകീയമായി നടക്കുന്ന നെറ്റ്സീറോ കാർബൺ പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകാനായി എല്ലാ ജില്ലകളിലും ജില്ലാതല കോർ ഗ്രൂപ്പുകൾക്ക് രൂപം നൽകിയിട്ടുണ്ട്. പരിസ്ഥിതി രംഗത്തെ വിദഗ്ധർ, പരിസ്ഥിതി പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടുന്നതാണ് എല്ലാ ജില്ലകളിലും രൂപീകരിക്കപ്പെട്ട കോർ ഗ്രൂപ്പുകൾ ജില്ലാതല കോർഗ്രൂപ്പിന്റെ മാതൃകയിൽ, തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശിക വിദഗ്ധ പരിസ്ഥിതി സന്നദ്ധ പ്രവർത്തകരെയും വിവിധ ജനവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നവരെയും ഉൾപ്പെടുത്തി |

ഗ്രാമപഞ്ചായത്ത്/നഗരസഭാതല കോർ ഗ്രൂപ്പുകൾക്ക് രൂപം നൽകിയിട്ടുണ്ട്.

തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതഗൃഹ വാതകങ്ങളുടെ ആദ്യഘട്ട കാർബൺ എമിഷൻ കണക്കാക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. പൊതു സ്ഥാപനങ്ങളിലെ ഊർജം (ഗതാഗത മേഖല ഉൾപ്പെടെ), മാലിന്യം, കൃഷി തുടങ്ങിയ സ്രോതസ്സുകളിൽ നിന്നുമുള്ള എമിഷനാണ് ആദ്യഘട്ടത്തിൽ കണക്കാക്കിയിട്ടുള്ളത്. കാമ്പയിനായി തിരഞ്ഞെടുത്തിരിക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇത്തരത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ അക്കൗണ്ടിംഗ് നടത്തുന്നതിന് സഹായകമായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഒരു മൊബൈൽ ആപ്പ് കൂടി വികസിപ്പിക്കുന്നുണ്ട്.

'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന കാമ്പയിൻ ഏറ്റെടുത്തിട്ടുള്ള സംസ്ഥാനത്തെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എമിഷൻ ലഘൂകരണം, കാർബൺ സംഭരണം എന്നിവ ഉറപ്പാക്കുന്നതിനായി മാലിന്യ സംസ്കരണം, ജലസുരക്ഷ, ഊർജ സംരക്ഷണം, വൃക്ഷവൽക്കരണ കാമ്പയിനായിട്ടുള്ള പച്ചത്തുരുത്ത്, കാർഷിക ഉൽപാദനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

മാലിന്യത്തിൽ നിന്നുള്ള എമിഷൻ (മാലിന്യം വലിച്ചെറിയൽ, ജലാശയങ്ങളിൽ നിക്ഷേപിക്കൽ, കത്തിക്കൽ, ജൈവമാലിന്യം കൂട്ടിയിടൽ, മലിന ജലം കെട്ടിനിൽക്കൽ) പൂർണമായും ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ കാമ്പയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

പച്ചത്തുരുത്ത്, ഹരിത സമൃദ്ധി വാർഡ്, തരിശുരഹിത ഗ്രാമം ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി എന്നീ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് വഴി പരമാവധി കാർഷികോത്പാദനം വർദ്ധിപ്പിച്ച് കാർബൺ സംഭരണം കൂട്ടുന്നതിനുള്ള കാമ്പയിനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച് ഊർജ്ജ സംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അങ്കണവാടികളിൽ ഊർജ്ജ സ്വയംപര്യാപ്തത

കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും വേണ്ടിയുള 'അംഗൻജ്യോതി' പദ്ധതിയുടെ ജില്ലാതല ഉത്ഘാടനങ്ങൾ 2023 ഫെബ്രുവരിയിൽ നടന്നു. 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിനിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി സംസ്ഥാനത്തെ 2395 അങ്കണവാടികളിൽ 'അംഗൻജ്യോതി' പദ്ധതി നടപ്പിലാക്കുന്നു. അങ്കണവാടികൾക്ക് പാചകത്തിനുള്ള വൈദ്യുത ഇൻഡക്ഷൻ അടുപ്പുകൾ, അനുബന്ധ പാത്രങ്ങൾ, LED ബൾബ്, BLDC ഫാൻ, ടൂ വീലർ / ത്രീ വീലർ ഇലക്ട്രിക് ചാർജിങ്ങിനുള്ള സംവിധാനം, എന്നിവ പദ്ധതിയുടെ ഭാഗമായി ഇ എം സി യിൽ നിന്ന് ലഭ്യമാക്കുന്നുണ്ട്. ഈ അങ്കണവാടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതികൾ വഴിയും മറ്റു സ്രോതസ്സുകളിലൂടെയും ഫണ്ട് കണ്ടെത്തി സോളാർ പാനലുകൾ സ്ഥാപിച്ച് അവയെ പൂർണമായും നെറ്റ് സീറോ കാർബൺ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇതുവഴി നടന്നുവരുന്നത്.

സർക്കാർ സ്ഥാപനങ്ങളുടെ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനും ഊർജകാര്യക്ഷമതാ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടി 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 1534 സർക്കാർ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. വേൾഡ് റിസോർസസ് ഇൻസ്റ്റിറ്റ്യൂട്ട് (WRI) യുടെ സാങ്കേതിക സഹായത്തോടു കൂടെ റൂഫ് ടോപ് സോളാർ സാധ്യതാ പഠനം 1261 സർക്കാർ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഈ പഠനഫലങ്ങളുടെ അടിസ്ഥാനത്തിൽ നെറ്റ്സീറോ കാർബൺ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളിലെ എല്ലാ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലും സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉൽപാദനമാണ് ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസുകളിലും കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനങ്ങളുടെയും വൈദ്യുത ഉപഭോഗം വരുന്ന രണ്ടുവർഷത്തിനുള്ളിൽ 50 ശതമാനമെങ്കിലും ഹരിതോർജ്ജത്തിലേക്ക് മാറ്റുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിനിൽ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനത്തിലൂടെ ശീലമാറ്റം കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾ, അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വാഹന ഉപഭോക്താക്കൾ, ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് തുടങ്ങി വിവിധ ടാർഗറ്റ് ഗ്രൂപ്പുകൾക്കുള്ള കാമ്പയിൻ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. വാണിജ്യ വാഹനങ്ങൾ/ടാക്സികൾ തുടങ്ങിയ വാഹനങ്ങളുടെ ഡ്രൈവർമാർക്കും, വർക്ക്ഷോപ്പിലെ തൊഴിലാളികൾക്കും, സ്വകാര്യ വാഹന ഉടമകൾക്കുമായി ഊർജ്ജ കാര്യക്ഷമതയുള്ള വാഹന ഉപയോഗം സംബന്ധിച്ച പരിശീലനങ്ങളും നടന്നു വരുന്നു.<br><br>ആദ്യഘട്ടത്തിൽ ആരംഭിച്ച 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമേ 32 ഗ്രാമപഞ്ചായത്തുകളിൽ കൂടി നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തുടർന്നും താൽപര്യം പ്രകടിപ്പിച്ച് മുന്നോട്ടു വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തിവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;വിശദാംശം നൽകുമോ? | (ബി) | (ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത കാമ്പയിൻ പ്രവർത്തനങ്ങൾ നടത്തി വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു<br><br><u>ആദ്യഘട്ടം</u><br><br>കൊല്ലയിൽ<br><br>പെരിങ്കടവിള<br><br>കാട്ടാക്കട<br><br>പുല്ലമ്പാറ<br><br>മാണിക്കൽ<br><br>അണ്ടൂർക്കോണം<br><br><u>രണ്ടാംഘട്ടം</u><br><br>കടയ്ക്കാവൂർ<br><br>മണമ്പൂർ<br><br>വാമനപുരം<br><br>കുന്നത്തുകാൽ<br><br>ഒറ്റൂർ<br><br>തിരുപുറം |

| | | | |
|---|---|---|---|
| | | | വെള്ളറട<br>ചിറയിൻകീഴ്<br>പൂവച്ചൽ<br>കിഴുവിലം<br>മുദാക്കൽ |

സെക്ഷൻ ഓഫീസർ